45993

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വകുപ്പിലെ ട്രൈബൽ വാച്ചർ തസ്തിക വകുപ്പിലെ തന്നെ റിസർവ്വ് വാച്ചർ/ഡിപ്പോ വാച്ചർ തസ്തികകൾക്ക് തുല്യപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(കൈ)/42/2017/വനം** തിരുവനന്തപുരം,തീയതി, 30/08/2017

പരാമർശം:- 1. ജി.ഒ (എം.എസ്) നം.53/2013/വനം തീയതി 15/05/2013.
2. 28.03.2017-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ A VIII(1)15228/10/GW നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വനം വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 700 ട്രൈബൽ വാച്ചർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ടി തസ്തികയിലേക്ക് വനത്തിനുള്ളിൽ താമസിക്കുന്ന ട്രൈബൽ വിഭാഗത്തിൽപെട്ട ആൾക്കാരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുകയും ചെയ്തിരുന്നു. വനം വകുപ്പിലെ വാച്ചർ തസ്തികയിൽ നിന്നും ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിലേക്ക് ട്രൈബൽ വാച്ചർ തസ്തികയിലുള്ള രണ്ടു പേർ അപേക്ഷിച്ചിരുന്നതായും സ്പെഷ്യൽ റൂളിലെ അവ്യക്തത കാരണം അവരുടെ ഫലം തടഞ്ഞുവച്ചിരിക്കുകയാണെന്നും, നിലവിൽ നിയമനത്തിലെ വ്യവസ്ഥകളിൽ ഒന്നുംതന്നെ ട്രൈബൽ വാച്ചർ തസ്തികയെപ്പറ്റി പറയുന്നില്ലാത്തതിനാലും, ട്രൈബൽ വാച്ചർ തസ്തിക വകുപ്പിലെ റിസേർവ് വാച്ചർ തസ്തികയ്ക്ക് തുല്യപ്പെടുത്തികൊണ്ടുള്ള ഉത്തരവുകൾ ലഭ്യമല്ലാത്തതിനാലും ടി തസ്തിക വകുപ്പിലെ തന്നെ റിസേർവ് വാച്ചർ തസ്തികക്ക് തുല്യപ്പെടുത്തികൊണ്ടും, വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉൾപ്പെടുത്തികൊണ്ടും ഉത്തരവ് ഉണ്ടെങ്കിൽ ആയതു ലഭ്യമാക്കണമെന്ന് കെ. പി. എസ്. സി പരാമർശം രണ്ടു പ്രകാരം നിദ്ദേശിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ മുൻപ് നിലവിൽ ഉണ്ടായിരുന്ന 8 മുതുവാൻ വാച്ചർമാരെ നിയമിച്ച അതേ രീതിയിലാണ് 700 ട്രൈബൽ വാച്ചർമാരെ വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ചത് ടി നിയമനം സൂപ്പർന്യൂമററി തസ്തികയിൽ അല്ലാത്തതിനാലും ഇത്തരത്തിൽ നിയമിക്കപ്പെട്ട ട്രൈബൽ വാച്ചർമാർ വകുപ്പിലെ മറ്റു വാച്ചർമാരുടെ അതേ ജോലി സ്വഭാവവും ഒരേ ശമ്പള സ്കെയിലുമാണ് കൈപ്പറ്റിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത പരിഗണിച്ചും വനം വകുപ്പിലെ ട്രൈബൽ വാച്ചർ തസ്തിക വകുപ്പിലെ തന്നെ റിസർവ്വ് വാച്ചർ/ഡിപ്പോ വാച്ചർ തസ്തികകൾക്ക് തുല്യപ്പെടുത്തിക്കൊണ്ട് പരമാർശം ഒന്ന് പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ ഭേദഗതിയോടെ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF, തിരുവനന്തപുരം.

അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം),തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ